**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 8

## വാർത്താക്കുറിപ്പ്

---

### ശാസ്ത്ര പ്രഭാഷണ പരമ്പര ഇന്ന് (മാർച്ച് 9) മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന എറുഡിറ്റ് ശാസ്ത്ര പ്രഭാഷണ പരമ്പരയ്ക്ക് ഇന്ന് (മാർച്ച് 9) തുടക്കമാകും. മാർച്ച് 10, 16, 17, 23 തീയതികളിലും പ്രഭാഷണങ്ങൾ നടക്കും.

പ്രശസ്ത ഗവേഷകയും ഫ്രാൻസിലെ പൗ യൂണിവേഴ്സിറ്റി പ്രൊഫസറുമായ ഡോ. സൂസന്ന ഫോർണാണ്ടസാണ് ഇപ്രാവശ്യത്തെ പ്രഭാഷക. എല്ലാ ദിവസവും ഉച്ചയ്ക്ക് 1.30 ന് ആരംഭിക്കും. ഓൺലൈനായി സംഘടിപ്പിക്കുന്ന പരിപാടിയിൽ മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറും പോളിമർ ശാസ്ത്ര രംഗത്തെ വിഖ്യാത ഗവേഷകനും ശാസ്ത്രജ്ഞനുമായ ഡോ. സാബു തോമസും സന്നിഹിതനായിരിക്കും. പങ്കെടുക്കാൻ താത്പര്യമുള്ളവർ 9847820197, 9446711043 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

(പി.ആർ.ഒ./39/281/2022)

### വനിതാ ദിനാഘോഷം

ജീവിതത്തിന്റെ സമസ്ത തുറകളിലും സ്ത്രീ സാന്നിദ്ധ്യം വർദ്ധിച്ച തോതിൽ ദൃശ്യമാകുന്നുണ്ടെങ്കിലും അധികാര കേന്ദ്രങ്ങളിൽ നിന്ന് അവർ അകറ്റി നിർത്തപ്പെടുകയാണെന്ന് പ്രശസ്ത സിനിമ സംവിധായികയും ദേശീയ അവാർഡ് ജേതാവുമായ വിധു വിൻസെന്റ് അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വനിതാദിനാഘോഷപരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അവർ.

പുരുഷൻമാർ ഭരിക്കാൻ അധികാരമുള്ളവരും സ്ത്രീ ഭരിക്കപ്പെടേണ്ടവളുമാണെന്ന പഴകിത്തേഞ്ഞ ധാരണകൾ തന്നെയാണ് ഇന്നും നമ്മുടെ സമൂഹത്തെ നയിക്കുന്നതെന്നത് ഏറെ ഖേദകരമായ കാര്യമാണ്. ഇച്ഛാശക്തിയോടെയുള്ള രാഷ്ട്രീയ തീരുമാനം കൊണ്ട് മാത്രമേ ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകു എന്നും വിധു വിൻസെന്റ് പറഞ്ഞു. സിൻഡിക്കേറ്റ് അംഗം ഡോ. ഷാജിലാബീവി പരിപാടി ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ലൈബ്രേറിയൻ-ഇൻ-ചാർജ് മിനി ജി. പിള്ള അധ്യക്ഷത വഹിച്ചു. ലതാ അരവിന്ദ്, ഡോ. ദീപ ആർ. എന്നിവരും പങ്കെടുത്തു.

(പി.ആർ.ഒ./39/282/2022)

### പരീക്ഷാ തീയതി

ഒന്ന്, രണ്ട്, മൂന്ന് വർഷ ബി.എസ്.സി. - മെഡിക്കൽ മൈക്രോബയോളജി (2008-2014 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് 23 ന് ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 10 വരെയും 525 രൂപ പിഴയോടു കൂടി മാർച്ച് 11 വരെയും 1050 രൂപ സൂപ്പർഫൈനോടു കൂടി മാർച്ച് 14 വരെയും അപേക്ഷിക്കാം.

മേഴ്‌സി ചാൻസ് വിദ്യാർത്ഥികൾ 5250 രൂപ സ്‌പെഷ്യൽ ഫീസായി പരീക്ഷാഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമേ അടയ്ക്കണം. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്‌സൈറ്റിൽ

(പി.ആർ.ഒ./39/283/2022)

നാലാം വർഷ ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (2015 മുതലുള്ള അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 16 ന് ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 10 വരെയും 525 രൂപ പിഴയോടു കൂടി മാർച്ച് 11 നും 1050 രൂപ സൂപ്പർഫൈനോടു കൂടി മാർച്ച് 12 നും അപേക്ഷിക്കാം.

(പി.ആർ.ഒ./39/284/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ